227/ESE/18

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജര്‍. ശ്രീ. പി.ആര്‍. സജികുമാര്‍)

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസി. എഞ്ചിനീയര്‍ ശ്രീ. സജിത് മോഹന്‍ദാസിനെ സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമര്‍ശം : 1) ഈ കാര്യാലയത്തിലെ 14.06.2018-ലെ ഇതേ നമ്പരിലുള്ള പൊതു സ്ഥലംമാറ്റ ഉത്തരവ്
2) 19.07.2018-ല്‍ കോഴിക്കോട് നടന്ന തസ്വഭവ ഉത്തരമേഖലയ്ക്ക് കീഴിലെ സ്ഥാപനങ്ങളിലെ പദ്ധതി അവലോകന യോഗം.

## ഉത്തരവ് നം. ഇ3-2100/08/സിഇ/തസ്വഭവ തീയതി 23/07/2018

ജനകീയാസൂത്രണ പദ്ധതികളുടെ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരമേഖലയ്ക്ക് കീഴിലെ തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതി അവലോകന യോഗം 19.07.2018-ല്‍ കോഴിക്കോട് വച്ച് നടക്കുകയും പ്രസ്തുത യോഗത്തില്‍ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ 2017-18 വര്‍ഷത്തെ പദ്ധതി പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയതില്‍ കാസറഗോഡ് ജില്ലയിലെ മുളിയാര്‍ / കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം പ്രവര്‍ത്തനങ്ങള്‍ വളരെയധികം പിന്നോക്കം പോയതായി കണ്ടെത്തുകയും, ടി പഞ്ചായത്തിലെ മുന്‍ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. സജിത്ത് മോഹന്‍ദാസിന്റെ കൃത്യനിര്‍വഹണത്തിലെ അലംഭാവം ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തില്‍ ടിയാന് സൂചന (1) പ്രകാരം നല്‍കപ്പെട്ടിട്ടുള്ള സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്ത് ടിയാനെ മുളിയാര്‍ / കാറഡുക്ക ഗ്രാമപഞ്ചായത്തില്‍ നിലനിര്‍ത്തുന്നതിന് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി നിര്‍ദ്ദേശിക്കുകയുണ്ടായി.

മേല്‍ സാഹചര്യത്തില്‍ കാസറഗോഡ് ജില്ലയിലെ മുളിയാര്‍ / കാറഡുക്ക ഗ്രാമപഞ്ചായത്തിലെ മുന്‍ അസിസ്റ്റന്റ് എഞ്ചിനീയറും നിലവില്‍ തൃശ്ശൂര്‍ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുമായ ശ്രീ. സജിത്ത് മോഹന്‍ദാസ് എന്നവരെ കാസറഗോഡ് ജില്ലയിലെ മുളിയാര്‍ / കാറഡുക്ക ഗ്രാമപഞ്ചായത്തിലേയ്ക്ക് ടി പഞ്ചായത്തുകളിലെ മുടങ്ങിക്കിടക്കുന്ന സാങ്കേതിക വിഭാഗം പ്രവര്‍ത്തനങ്ങളുടെ നടത്തിപ്പുവരെ പൊതുതാല്‍പ്പര്യാര്‍ത്ഥം സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാല്‍ ഉത്തരവാകുന്നു.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ടിയാനെ എത്രയും വേഗം വിടുതൽ ചെയ്ത് ജോലിയിൽ പ്രവേശിച്ചതിന്റെ വിവരം യഥാസമയം ഈ കാര്യാലയത്തിനെ അറിയിക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

ശ്രീ. സജിത്ത് മോഹൻദാസ്
അസിസ്റ്റന്റ് എഞ്ചിനീയർ

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ, കേരള, തൃശ്ശൂർ
2) ബഹു. തദ്ദേശസ്വയംഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3) എക്സി. എഞ്ചിനീയർ, തൃശ്ശൂർ / കാസറഗോഡ് ജില്ലാപഞ്ചായത്ത്
4) അസി. എക്സി. എഞ്ചിനീയർ, കാറഡുക്ക / വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്
5) കരുതൽ ഫയൽ

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

P 986